**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2365** **21-06-2024 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് ലേർണിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്ത് ലേർണിംഗ് സെന്റർ എന്ന പേരിൽ ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കാര്യശേഷി വികസനത്തിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് അനുഭവങ്ങൾ കൈമാറുന്ന പ്രക്രിയ. വളരെ നല്ലനിലയിൽ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള പഞ്ചായത്തുകൾ എങ്ങനെയാണ് നേട്ടങ്ങൾ കൈവരിച്ചതെന്ന് പറയുന്നത് മറ്റ് പഞ്ചായത്തുകൾക്ക് പല പരിശീലനങ്ങളെക്കാളും ഫലം ചെയ്യുമെന്നതിനാൽ നല്ല നിലയിൽ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള പഞ്ചായത്തുകളെ താല്പര്യമുള്ള പക്ഷം " പഞ്ചായത്ത് ലേണിംഗ് സെന്റർ" എന്ന തലത്തിലേക്ക് അവതരിപ്പിച്ചുകൊണ്ട് മറ്റ് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുവാനുള്ള പദ്ധതിയാണ് പഞ്ചായത്ത് ലേണിംഗ് സെന്റർ.<br><br>70 പഞ്ചായത്തുകളെ ഇപ്രകാരം തെരഞ്ഞെടുത്തതിൽ ആദ്യം പരിശീലനം സംഘടിപ്പിക്കാൻ മുന്നോട്ട് വന്ന 19 ഗ്രാമപഞ്ചായത്തുകളിൽ 2024 ജനുവരി മുതൽ ഫെബ്രുവരി വരെ ഒരു ബാച്ച് വീതം പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. അതത് ഗ്രാമപഞ്ചായത്തുകളിൽ തന്നെ നടക്കുന്ന ദ്വിദിന റസിഡൻഷ്യൽ പരിശീലനത്തിന്റെ സംഘാടനം, അക്കാദമിക കാര്യങ്ങൾ, മൊഡ്യൂൾ, ഫീൽഡ് വിസിറ്റ് മുതലായവ ആ ഗ്രാമപഞ്ചായത്ത് തന്നെ സംഘാടക സമിതി രൂപീകരിച്ച് നടപ്പിലാക്കുന്നു. |
| (ബി) | പ്രതീക്ഷിച്ച നേട്ടം ഇതിലൂടെ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഉണ്ട്. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച് വിവിധ ദേശീയ സംസ്ഥാന അംഗീകാരങ്ങൾ ലഭിച്ച പഞ്ചായത്തുകളിൽ പഞ്ചായത്ത് ലേർണിംഗ് സെന്റർ ആരംഭിക്കുന്നതു വഴി മറ്റു പഞ്ചായത്തുകൾക്ക് അനുഭവം പങ്കുവയ്ക്കുവാനും മികച്ച മാതൃകകൾ നേരിട്ട് കണ്ട് മനസ്സിലാക്കി അവരവരുടെ സ്ഥാപനങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനും സാധിച്ചു. |

| | | | |
|---|---|---|---|
| (സി) | കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ? | (സി) | **ഉണ്ട്.** ഈ സാമ്പത്തിക വർഷം 250 ഗ്രാമപഞ്ചായത്തുകളിലേക്ക് കൂടി ടി പദ്ധതി നടപ്പിലാക്കാൻ **നടപടികൾ സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ